"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനഃരുദ്ധാരണ പദ്ധതി 2.0 ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ "വികാസ് വായനശാല റോഡ്" എന്ന പ്രവൃത്തിയുടെ പേര് "വികാസ് പാണലിൽ റോഡ്" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്

സ.ഉ.(കൈ) നം.111/2025/LSGD തീയതി,തിരുവനന്തപുരം, 02-07-2025

---

| | | |
|---|---|---|
| പരാമർശം:- | 1. | 29.11.2024 ലെ LSGD-DB2/392/2024-LSGD-Part(1) നമ്പർ സർക്കുലർ. |
| | 2. | 20.01.2025 ലെ സ.ഉ.(കൈ)നം.14/2025/LSGD. |
| | 3. | 12.02.2025 ലെ സ.ഉ.(കൈ)നം.30/2025/LSGD. |
| | 4. | 19.05.2025 ലെ സ.ഉ.(കൈ)നം.80/2025/LSGD. |
| | 5. | കോഴിക്കോട് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 27/02/2025 ലെ 3/(1)25 നമ്പർ തീരുമാനം |
| | 6. | കോഴിക്കോട് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.03.2025 ലെ എസ് സി2/1749/25 നമ്പർ കത്ത് . |
| | 7. | തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.04.2025 ലെ No.LSGD/PD/12860/2025-REV5 കത്ത്. |

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി 2024-25 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപ വിനിയോഗിച്ച് 3540 റോഡുകളുടെ നിർമ്മാണത്തിന് പരാമർശം (2) പ്രകാരം തദ്ദേശ റോഡ് പുനഃരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം (4) പ്രകാരം തദ്ദേശ റോഡ് പുനഃരുദ്ധരണ പദ്ധതിയുടെ പേര് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനഃരുദ്ധാരണ പദ്ധതി 2.0" എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (2) പ്രകാരം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനഃരുദ്ധാരണ പദ്ധതി 2.0 ൽ ഉൾപ്പെടുത്തി കോഴിക്കോട് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ "വികാസ് വായനശാല റോഡ്" എന്ന പ്രവൃത്തിക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് രേഖകൾ പ്രകാരം ടി റോഡിന്റെ പേര് "വികാസ് പാണലിൽ റോഡ്" എന്നായതിനാൽ ഭരണാനുമതി ഭേദഗതി ചെയ്യുന്നതിന് അപേക്ഷിക്കുന്നതിനുള്ള പരാമർശം(5) ലെ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ തുടർ

നടപടിയ്ക്കായി തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സൂചന (7) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനഃരുദ്ധാരണ പദ്ധതി 2.0 ൽ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കോഴിക്കോട് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ "വികാസ് വായനശാല റോഡ്" എന്ന പ്രവൃത്തിയുടെ പേര് "വികാസ് പാണലിൽ റോഡ്" എന്ന് തിരുത്തി പരാമർശം (2) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചെയ്ത്പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ജോയിന്റ് ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ് ,കോഴിക്കോട്
സെക്രട്ടറി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 03-07-2025 11:10:18